# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **ജനുവരി 07**<br>**January 07** | **2019** |

***1193 ധനു 23 തിങ്കൾ***

# പത്രക്കുറിപ്പ്

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## സർക്കാർ ലക്ഷ്യം ഭൂരഹിതരില്ലാത്ത കേരളം:

## മന്ത്രി ഇ. ചന്ദ്രശേഖരൻ

കേരളത്തിലെ ആദ്യസർക്കാർ തുടക്കം കുറിച്ച ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ കാലോചിത മാറ്റങ്ങളോടെ സമഗ്രമായി നടപ്പിലാക്കി ഭൂരഹിതരില്ലാത്ത സംസ്ഥാനം സൃഷ്ടിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ. ഭൂരഹിതരായ കർഷകർ ഉൾപ്പെടെയുള്ളവരുടെ ഭൂപ്രശ്നങ്ങള അടിയന്തിരമായി പരിഹരിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായ എല്ലാ ഭൂരഹിതർക്കും പട്ടയം നൽകുമെന്നും മന്ത്രി പറഞ്ഞു. ജില്ലാ തല പട്ടയ വിതരണ മേളയുടെ ഉദ്ഘാടനം കാസർകോട് മുനിസിപ്പൽ ടൗൺ ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വർഷങ്ങളായി അനുഭവിച്ചു പോരുന്ന കൃഷിയിടങ്ങൾക്കും വാസസ്ഥലങ്ങൾക്കും കൈവശാവകാശം ലഭിക്കാതെ ദുരിതം പേറുന്ന നിരവധി ജീവിതങ്ങൾക്ക് ആശ്വാസം പകരുന്നതിനാണ് പട്ടയ മേള സംഘടിപ്പിക്കുന്നത്

അമ്പതു വർഷമായിട്ടും പുരയിടത്തിന് അവകാശം ലഭിക്കാത്ത സാഹചര്യം വരെ ഉണ്ടായിരുന്നുവെങ്കിലും നിയമ തടസ്സങ്ങൾ മാറ്റി ഗുണഭോക്താവിന് ഏറ്റവും വേഗത്തിൽ അവകാശം കൈമാറാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ലാൻഡ് ട്രിബ്യൂണലുകളിൽ സാങ്കേതിക പ്രശ്നങ്ങളിലകപ്പെട്ട നിരവധി ഫയലുകൾ ഇനിയും കെട്ടിക്കിടക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളിലെ നടപടിക്രമങ്ങളിൽ വേഗത കൈവരിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി കളക്ടർമാരുടെ യോഗം വിളിച്ചിരുന്നുവെന്നും പ്രായോഗികതലത്തിൽ പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമമാരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജില്ലയിൽ ഇതുവരെ 5519 പട്ടയങ്ങൾ വിതരണം ചെയ്ത് ചരിത്രം സൃഷ്ടിക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും അർഹരായവർക്കെല്ലാം ഭൂമി നൽകുന്ന കാര്യത്തിൽ സർക്കാർ ലക്ഷ്യം കൈവരിക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലയിൽ ഇനിയും പട്ടയം ലഭിക്കാത്തവർക്കായി ഫെബ്രുവരിയിൽ പട്ടയമേള സംഘടിപ്പിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം നിറഞ്ഞ കരഘോഷത്തോടെ സദസ് സ്വീകരിച്ചു. പിന്നീട് അവശേഷിക്കുന്ന അർഹരെ കണ്ടെത്തി ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം ജൂണിലും പട്ടയമേള നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

**ഫോട്ടോ അടിക്കുറിപ്പ് (പട്ടയമേള-1)** : കാസർകോട് ജില്ലാതല പട്ടയ വിതരണ മേളയുടെ ഉദ്ഘാടനം നിർവഹിച്ച് റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ സംസാരിക്കുന്നു.

## പട്ടയ വിതരണമേള: കൈമാറിയത് 2167 പട്ടയങ്ങൾ

സംസ്ഥാനത്തെ അർഹരായ എല്ലാവർക്കും പട്ടയം നൽകുകയെന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ പട്ടയമേള സംഘടിപ്പിച്ചു. കാസർകോട് മുനിസിപ്പൽ ടൗൺ ഹാളിൽ സംഘടിപ്പിച്ച പട്ടയമേള റവന്യു വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ഭൂരഹിതരില്ലാത്ത കേരളമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഭൂരഹിതരായ കർഷകർ ഉൾപ്പെടെയുള്ളവരുടെ ഭൂപ്രശ്നങ്ങള അടിയന്തിരമായി പരിഹരിക്കുകയാണ് സർക്കാർ നയമെന്നും മന്ത്രി പറഞ്ഞു. എൻ.എ. നെല്ലിക്കുന്ന് എം. എൽ.എ. അധ്യക്ഷനായി. ജില്ലയിൽ വർഷങ്ങളായി തീർപ്പു കൽപ്പിക്കാൻ സാധിക്കാതിരുന്ന ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തി അവർക്ക് പട്ടയം ലഭ്യമാക്കാനാണ് മേള സംഘടിപ്പിച്ചത്. കൂടാതെ ജില്ല യിലെ വിവിധ വില്ലേജുകളിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കനുവദിച്ച മിച്ച ഭൂമി പട്ടയങ്ങളും, വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ നിന്നും അനുവദിച്ച ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും മേളയിൽ കൈമാറി.

നാലു താലൂക്കുകൾ, ലാൻഡ് ട്രിബ്യൂണൽ, ദേവസ്വം ലാൻഡ് ട്രിബ്യൂണൽ എന്നിങ്ങനെ ആറ് പ്രത്യേക കൗണ്ടറുകളാണ് മേളയിൽ സജ്ജീകരിച്ചത്. കാസർകോട് താലൂക്കിൽ 200, മഞ്ചേശ്വരം 316, ഹൊസ്ദുർഗ് 240, വെള്ളരിക്കുണ്ട് 120, എൽ.റ്റി. 1020, ദേവസ്വം 171, മിച്ചഭൂമി 100 എന്നിങ്ങനെ ആകെ 2167 പട്ടയങ്ങളാണ് വിത രണം ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജില്ലയിൽ 2018 ഫെബ്രുവരി വരെ ആകെ 3352 പട്ടയങ്ങളാണ് വിതരണം ചെയ്തത്.

ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു ആമുഖ പ്രഭാഷണം നടത്തി. എം. രാജഗോപാലൻ എം. എൽ. എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. ജി. സി. ബഷീർഎഡിഎം എൻ. ദേവിദാസ്, കാസർകോട് നഗരസഭ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം, കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ്കുഞ്ഞി ചായിന്റടി, സബ്കളക്ടർ അരുൺ കെ. വിജയൻ, റവന്യൂ ഡിവിഷണൽ ഓഫീസർ പി.എ. അബ്ദുൾ സമദ്, ജനപ്രതിനിധികൾ, റവന്യൂ വിഭാഗം ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്(പട്ടയം-2):** കാസർകോട് ജില്ലാതല പട്ടയ വിതരണ മേളയുടെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിക്കുന്നു.

### കാസർകോടിന് അഭിമാന നേട്ടം

## രണ്ടര വർഷം കൊണ്ട് ജില്ലയിൽ കൈമാറിയത് 5519 പട്ടയങ്ങൾ

അർഹരായ എല്ലാവർക്കും പട്ടയം നൽകുകയെന്ന സർക്കാർ പദ്ധതിയിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ച് കാസർകോട് ജില്ല. രണ്ടര വർഷം കൊണ്ട് ജില്ലയിൽ വിതരണം ചെയതത് 5519 പട്ടയങ്ങൾ. ഭൂരഹിതരായ കർഷകർ ഉൾപ്പെടെയു ള്ളവരുടെ ഭൂപ്രശ്നങ്ങള അടിയന്തിരമായി പരിഹരിച്ച് അർഹരായവർക്ക് ഭൂമി ലഭ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് ജില്ലയിൽ ചുരുങ്ങിയ കാലം കൊണ്ട് ഇത്രയധികം പേർക്ക് പട്ടയം നൽകി സംസ്ഥാന സർക്കാർ ചരിത്രം സൃഷ്ടിച്ചിരിക്കുന്നത്. കേരളീയ സാമൂഹിക ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമിട്ട് ആദ്യസർക്കാർ ആരംഭിച്ച ഭൂപരിഷ്കരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി വർഷങ്ങൾക്കിപ്പുറം കാസർകോട് ജില്ലയിൽ എല്ലാവർക്കും ഭൂമിലഭ്യമാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് പട്ടയമേള ഉദ്ഘാടന വേളയിൽ റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജില്ലയിൽ 2017 മെയിൽ നടത്തിയ മേളയിൽ 2247 പട്ടയം വിതരണം ചെയ്തിരുന്നു. തുടർന്ന് 2017

സെപ്തംബർ വരെയുള്ള കാലയളവിൽ 1079 പട്ടയവും റവന്യൂ ദിനത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ 26 പട്ടയവും കൈമാറി. കഴിഞ്ഞ ദിവസം (7) സംഘടിപ്പിച്ച പട്ടയമേളയിൽ 2167 പട്ടയങ്ങളാണ് വിതരണം ചെയ്തത്. കഴിഞ്ഞ രണ്ടര വർഷം കൊണ്ട് ആകെ വിതരണം ചെയ്തത് 5519 പട്ടയങ്ങളാണ്. ജില്ലയിൽ ആദ്യമായാണ് ഒരു സർക്കാർ ചുരുങ്ങിയ കാലം കൊണ്ട് ഇത്രയധികം പട്ടയങ്ങൾ വിതരണം ചെയ്യുന്നത്. ലാൻഡ് ട്രിബ്യൂണലുകളിൽ സാങ്കേതിക പ്രശ്നങ്ങളിലകപ്പെട്ട നിരവധി ഫയലുകൾ ഇനിയും കെട്ടിക്കിടക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിനായി റവന്യൂ മന്ത്രി കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ജില്ലയിൽ ഇനിയും പട്ടയം ലഭിക്കാത്തവർക്കായി അടുത്ത മാസം പട്ടയമേള സംഘടിപ്പിക്കും. പിന്നീട് വീണ്ടും അവശേഷിക്കുന്ന അർഹരെ കണ്ടെത്തി ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം ജൂണിലും പട്ടയമേള നടത്തുമെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ വ്യക്തമാക്കി.

## ഗസ്റ്റ് അധ്യാപക ഒഴിവ്

കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമൻസ് കോളേജിൽ ഇക്കണോമിക്സ് വിഷയത്തിൽ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. കോളേജ് വിദ്യാ ഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കോഴിക്കോട് ഓഫീസിൽ രജിസ്റ്റർ ചെയ്ത ഉദ്യോ ഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഈ മാസം 15ന് പകൽ 11 മണിക്ക് പ്രിൻസിപ്പൽ മുമ്പാകെ കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതാണ്.

## തൊഴിൽമേള സംഘടിപ്പിച്ചു

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ സ്പെക്ട്രം 2018 ന്റെ ഭാഗമായി കാസർകോട് ഗവ.ഐ ടി ഐയിൽ സംഘടിപ്പിച്ച തൊഴിൽ മേള എൻ എ നെല്ലി ക്കുന്ന് എം എൽ എ ഉദ്ഘാടനം ചെയ്തു. കാസർകോട് മുനിസിപ്പൽ ചെയർപേ ഴ്സൺ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷയായി. ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയി നിങ് സുനിൽ ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. ഖാദർ പാലോത്ത്,കെ ശ്രീജിത്ത്, ഗീതദേവി, സുലൈമാൻ, ടി എ ഷാജൻ എന്നിവർ സംസാരിച്ചു. ടി അനിൽ കുമാർ സ്വാഗതവും വി കെ രവിശങ്കർ നന്ദിയും പറഞ്ഞു. മുപ്പതോളം കമ്പനികൾ പങ്കെ ടുത്ത മേളയിൽ 200ലധികം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽഅവസരം ലഭിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് (തൊഴിൽ മേള) -** സ്പെക്ട്രം 2018 ന്റെ ഭാഗമായി കാസർകോട് ഗവ.ഐ ടി ഐയിൽ സംഘടിപ്പിച്ച തൊഴിൽ മേള എൻ എ നെല്ലി ക്കുന്ന് എം എൽ എ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

## എംപ്ലോയിബിലിറ്റി സെന്ററിൽ അഭിമുഖം

കാസർകോട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയിബിലിറ്റി സെന്ററിൽ ഈ മാസം 11ന് പകൽ 11മണിക്ക് ത്രിവേണി ആർട്സ് ആൻഡ് സയൻസ് കോളേജിലേക്ക് ടീച്ചിങ് സ്റ്റാഫ് ഹിസ്റ്ററി തസ്തികയിലേക്ക് അഭിമുഖം നടത്തുന്നു. ബിരുദാനന്തര ബിരുദമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ കാസർകോട് കലക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന എംപ്ലോയബിലിറ്റി സെന്ററിൽ തിരിച്ചറിയൽ കാർഡിന്റെയും ഉന്നത വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെയും കോപ്പിയും 250, രൂപയും അടച്ച് വൺ ടൈം രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാവുന്നാണ്. വിശദവിവരങ്ങൾക്ക് 9207155700,04994-297470.

## ഡ്രോപ്പ് ഔട്ട് മോണിട്ടറിങ് കമ്മിറ്റി മീറ്റിങ്

കാസർകോടിനെ കൊഴിഞ്ഞുപോക്ക് രഹിത ജില്ലയാക്കുന്നതിനും ശിശു സൗഹൃദ ജില്ലയാക്കി മാറ്റുന്നതിനുമായി ഡ്രോപ്പ് ഔട്ട് ഫ്രീ കാസർകോട് എന്ന പദ്ധതിയുടെ ജില്ലാതല ഡ്രോപ്പ് ഔട്ട് മോണിട്ടറിങ് കമ്മിറ്റി മീറ്റിങ് ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്നു. കൊഴിഞ്ഞ് പോയ കുട്ടികളുടെ പുതിയ ലിസ്റ്റ് സമർപ്പിക്കാനും തുടർ നടപടി സ്വീകരിക്കാനും യോഗത്തിൽ തീരുമാനമായി. കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺ മാധുരി എസ് ബോസ്, അഡ്വ മണിയമ്മ, വനിതാ ശിശു വികസന ഓഫീസർ ഡീനാ ഭരതൻ, വിദ്യാഭ്യാസ ഉപ ഡയറക്ടർ ഡോ.ഗിരീഷ് ചോലയിൽ, ജില്ലാ ശിശു സംരംക്ഷണ ഓഫീസർ പി ബിജു തുടങ്ങിയവർ പങ്കെടുത്തു.

## തീയതി നീട്ടി

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് എല്ലാത്തരം കുടിശികകളും ഒൻപതു ശതമാനം പലിശ ഉൾപ്പെടെ ഒടുക്കുന്നതിനുള്ള കാലാവധി ഈ മാസം 20 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ തൊളിലാളികളും ഈ അവസരം പരാമവധി ഉപയോഗിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിക്കുന്നു.

## തുല്യതാ കോഴ്സ് പ്രവേശനോത്സവം

നീലേശ്വരം നഗരസഭയിലെ ഹയർസെക്കൻഡറി തുല്യതാ കോഴ്സ് പ്രവേശനോത്സവവും തുല്യതാ പഠിതാക്കളുടെ സംഗമവും ഭരണഘടന സാക്ഷരത സെമിനാറും നീലേശ്വരം രാജാസ് ഹയർസെക്കൻഡറി സ്കൂളിൽ നടന്നു. നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി. ജയരാജൻ പരിപാടി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.പി. മുഹമ്മദ്റാഫി അധ്യക്ഷത

വഹിച്ചു. കൗൺസിലർ കെ. തങ്കമണി, രാജാസ് ഹയർസെക്കൻഡറി സ്കൂൾ സീനിയർ അസിസ്റ്റന്റ് കെ.പ്രസന്ന എന്നിവർ സംസാരിച്ചു. അധ്യാപകരായ അനീഷ് വെങ്ങാട്ട്, സുധീഷ് എന്നിവർ ക്ലാസ്സെടുത്തു. ഇ. രാധ സ്വാഗതവും ടി.വി വസുമതി നന്ദിയും പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ് (തുല്യത)**: തുല്യതാ കോഴ്സിന്റെ പ്രവേശനോത്സവം നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി. ജയരാജൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായതും ആംആദ്മി ബീമാ യോജന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ മത്സ്യതൊഴിലാളികളുടെ 9,10,11,12 ഗവ.ഐ ടി ഐ ക്ലാസുകളിൽ പഠിക്കുന്ന മക്കളായ വിദ്യാർത്ഥികൾക്ക് ആംആദ്മി ബീമായോജന പദ്ധതി 2018-2019 പ്രകാരം സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. 2018 മാർച്ചിൽ പ്ലസ്ടു പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഈ മാസം 21നകം ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

## ലൈബ്രറി കോഴ്സിന് അപേക്ഷക്ഷണിച്ചു

സംസ്ഥാന സർക്കാർ സ്ഥാപനമായ മടിക്കൈ ഐ എച്ച് ആർ ഡി മോഡൽ കോളേജിൽ ലൈബ്രറി ഇൻഫർമേഷൻ സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ആറു മാസത്തെ കോഴ്സ് പാർട്ട് ടൈമായും ഫുൾടൈമായും നടത്തുന്നതിന് മതിയായ അപേക്ഷകൾ ഉണ്ടായിരിക്കണം. എസ് എസ് എൽ സി യാണ് അടിസ്ഥാന യോഗ്യത.150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.(എസ്സി-എസ്ടി വിഭാഗങ്ങൾക്ക് 100 രൂപ). പൂരിപ്പിച്ച അപേക്ഷ ഫോറം 2019 ജനുവരി 14 ന് മുമ്പായി മടിക്കൈ കാഞ്ഞിരപ്പൊയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫീസിൽ ലഭിച്ചിരിക്കണം. വിശദവിവരങ്ങൾ www.ihrd.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ -0467 2240 911.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

വെസ്റ്റ് എളേരി ബേബി ജോൺ മെമ്മോറിയൽ ഗവ(വനിത) ഐ ടി ഐയിൽ എംപ്ലോയബിലിറ്റി സ്കിൽ ജൂനിയർ ഇൻസ്ട്രകടറുടെ ഒഴിവുണ്ട്. എം ബി എ /ബി ബി എ പ്രസ്തുത മേഖലയിൽ രണ്ടു വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ സോഷ്യോളജി/സോഷ്യൽ വെൽഫയർ /ഇക്കണോമിക്സ് ബിരുദവും രണ്ടു വർഷത്തെ പ്രവൃത്തി പരിചയം, ബിരുദം/ഡിപ്ലോമ എംപ്ലോളിയബിലിറ്റി സ്കിൽസിൽ ഡി ജി ഇ ടി സ്ഥാപനത്തിൽ നിന്നും ട്രെയ്നിംങ്ങും പൂർത്തിയാക്കിയിരിക്കണം. നിർബന്ധമായും പ്ലസ്ടു/ഡിപ്ലോമയോ ഇംഗ്ലീഷോ/ ബേസിക് കമ്പ്യൂട്ടർ കമ്മ്യൂണിക്കേഷൻ സ്കിൽസിൽ പ്രാവീണ്യം ഉണ്ടായിരിക്കണം. താൽപര്യമുള്ളവർ

ഈ മാസം 11ന് പകൽ 11മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0467-2341666.

## തുല്യതാ കോഴ്സ് രജിസ്ട്രേഷൻ ആരംഭിച്ചു

സംസ്ഥാന സാക്ഷരതാ മിഷൻ പൊതുവിദ്യഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നാലാതരം, ഏഴാംതരം തുല്യതാ കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. സ്കൂളിൽ നിന്നു , 5,6,7 ക്ലാസുകളിൽ നിന്നും കൊഴിഞ്ഞുപോയവർക്ക് ഏഴാംതരം തുല്യതയ്ക്ക് രജിസ്റ്റർ ചെയ്യാം. ഏഴാംതരം പാസായവർക്ക് പത്താംതരം തുല്യതയ്ക്ക് ചേരാനുള്ള അവസരമുണ്ട്. വിശദവിവരങ്ങൾക്ക് 9544090169.

## എംപവാർഡ് കമ്മിറ്റി മീറ്റിങ് 16ന്

കാസർകോട് താലൂക്ക്തല എംപവാർഡ് കമ്മിറ്റി മീറ്റിംഗ് ഈ മാസം 16ന് മൂന്ന് മണിക്ക് ചേരും.

## വാക്ക് ഇൻ ഇന്റർവ്യു 10ന്

കാസർകോട് ജില്ലയിൽ ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകളിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ താത്ക്കാലികമായി നിയമിക്കുന്നതിനായി ഈ മാസം 10ന് രാവിലെ 10.30 ന് കാഞ്ഞങ്ങാട് ചെമ്മട്ടംവയലിലുള്ള ജില്ലാ മെഡിക്കൽ ഓഫീസിൽ` വാക്ക് ഇൻ ഇന്റർവ്യു നടത്തുന്നതാണ്. അപേക്ഷകർ എം.ബി.ബി.എസ് യോഗ്യതയുള്ളവരും ടി.സി എം.സി രജിസ്ട്രേഷൻ ഉള്ളവരുമായിരിക്കണം. നേരത്തെ അപേക്ഷ നൽകിയവരും ഇന്റർവ്യുവിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0467-2203118, 9447685908 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അധ്യാപക ഒഴിവ്

ചെർക്കള ഗവ.ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഹിസ്റ്ററി വിഭാഗത്തിൽ അധ്യാപക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഈ മാസം 10ന് പകൽ 11ന് സ്കൂൾ ഓഫീസിൽ ഹാജരാകണം.

**തുടരും**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**